

# ശ്രീ ശ്രീമദ് എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ

അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ (ISKCON) സ്ഥാപക ആചാര്യൻ

കൃഷ്ണാവബോധത്തിന്റെ ലോകവ്യാപക പ്രബോധകൻ

# ജനനവും ബാല്യവും (1896-1918)

- 1896: പശ്ചിമബംഗാളിലെ കൊൽക്കത്തയിൽ ഗൗർമോഹൻ ദേയുടേയും രജനി ദേവിയുടേയും മകനായി ജനിച്ചു.
- നാമം: അദ്ദേഹത്തിൻ്റെ ബാല്യകാല നാമം 'അഭയ ചരൺ ദേ' എന്നായിരുന്നു.
- 1918: ശ്രീമതി രാധാറാണി ദത്തയെ വിവാഹം കഴിച്ച് ഗൃഹസ്ഥ ജീവിതത്തിലേക്ക് പ്രവേശിച്ചു.



# ഗുരുവുമായുള്ള കൂടിക്കാഴ്ച



### 1922: ആദ്യ കൂടിക്കാഴ്ച


തൻറെ ആദ്ധ്യാത്മിക ഗുരുവായ ശ്രീല ഭക്തി സിദ്ധാന്ത സരസ്വതി ഗോസ്വാമി മഹാരാജയെ ആദ്യമായി കണ്ടുമുട്ടുന്നു.


### നിയോഗം

പാശ്ചാത്യരാജ്യങ്ങളിൽ കൃഷ്ണാവബോധം പ്രചരിപ്പിക്കാനുള്ള സുപ്രധാന നിർദ്ദേശം ഗുരു നൽകുന്നു.

### 1933: ദീക്ഷ

ഔപചാരികമായി ശ്രീല ഭക്തി സിദ്ധാന്ത സരസ്വതി ഗോസ്വാമി മഹാരാജയിൽ നിന്ന് ദീക്ഷ സ്വീകരിക്കുന്നു.




ISKCON



# തയ്യാറെടുപ്പുകൾ (1935-1959)

**1935**

പുസ്തകങ്ങൾ എഴുതാനും ക്ഷേത്രങ്ങൾ പണിയാനും ഗുരു നിർദ്ദേശിക്കുന്നു.

**1944**

'ബാക്ക് ടു ഗോഡ്ഹെഡ്' (Back to Godhead) മാസിക ആരംഭിച്ചു.

**1947**

'ഭക്തിവേദാന്ത' എന്ന ആദരണീയ പദവി ലഭിക്കുന്നു.


**1959**


സന്ന്യാസം സ്വീകരിച്ച് പൂർണ്ണമായും ആത്മീയ സേവനത്തിലിറങ്ങി.

# അമേരിക്കയിലേക്കുള്ള യാത്ര (1965)

1965-ൽ, തന്റെ 69-ാം വയസ്സിൽ, ഗുരുവിന്റെ നിർദ്ദേശം പാലിക്കാൻ അദ്ദേഹം 'ജലദൂത' എന്ന ചരക്കുകപ്പലിൽ ന്യൂയോർക്കിലേക്ക് യാത്ര തിരിച്ചു.


കയ്യിൽ പണമോ സഹായമോ ഇല്ലാതെ, ഹൃദയത്തിൽ ഭഗവാൻ ശ്രീകൃഷ്ണനിലുള്ള വിശ്വാസം മാത്രം കൈമുതലാക്കിയായിരുന്നു ആ യാത്ര. കപ്പൽ യാത്രയ്ക്കിടയിൽ ഹൃദയാഘാതങ്ങൾ ഉണ്ടായെങ്കിലും അദ്ദേഹം തളർന്നില്ല. പാശ്ചാത്യ ലോകത്ത് ഭക്തിയുടെ വിപ്ലവത്തിന് തുടക്കം കുറിച്ച യാത്രയായിരുന്നു അത്.





# ISKCON രൂപീകരണം (1966-1970)

- 1966: ന്യൂയോർക്കിൽ അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതി (ISKCON) സ്ഥാപിച്ചു.
- 1968: 'ഭഗവത് ഗീത യഥാരൂപം' മാക്മില്ലൻ പ്രസാദകർ പ്രസിദ്ധീകരിച്ചു.
- 1970: പ്രസ്ഥാനത്തിൻറെ നടത്തിപ്പിനായി ഭരണ നിർവാഹക സമിതി (GBC) രൂപീകരിച്ചു.



# മഹത്തായ സംഭാവനകൾ



- 1972: പുസ്തകങ്ങളുടെ പ്രചരണത്തിനായി ഭക്തിവേദാന്ത ബുക്ക് ട്രസ്റ്റ് (BBT) സ്ഥാപിച്ചു.
- 1974: ചൈതന്യ ചരിതാമൃതത്തിൻറെ ഇംഗ്ലീഷ് പരിഭാഷ പൂർത്തിയാക്കി.
- 1975: വൃന്ദാവനത്തിൽ കൃഷ്ണ-ബലരാമ ക്ഷേത്രം പണികഴിപ്പിച്ചു.
- 1977: വൃന്ദാവനത്തിൽ വെച്ച് ഇഹലോകവാസം വെടിഞ്ഞു.

# 12 വർഷത്തെ നേട്ടങ്ങൾ

12

വർഷങ്ങൾ

*"ലോകമെമ്പാടും കൃഷ്ണനാമം എത്തിച്ച ആചാര്യൻ"*

# ഒരു ദശാബ്ദത്തെ വിപ്ലവം

**108**
ക്ഷേത്രങ്ങൾ
ലോകമെമ്പാടും സ്ഥാപിച്ചു

**14**
ലോക പര്യടനങ്ങൾ
12 വർഷത്തിനുള്ളിൽ

**50+**
പുസ്തകങ്ങൾ
80-ലധികം ഭാഷകളിൽ

# സന്യാസവും ഗ്രന്ഥരചനയും

### Back to Godhead

1944-ൽ 'ബാക്ക് ടു ഗോഡ് ഹെഡ്' (Back to Godhead) എന്ന മാഗസിൻ ആരംഭിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും അത് തുടർന്നു.


### ഭക്തിവേദാന്ത

1947-ൽ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ മാനിച്ച് ഗൗഡീയ വൈഷ്ണവ സമൂഹം 'ഭക്തിവേദാന്ത' എന്ന ബിരുദം നൽകി ആദരിച്ചു.

### വൃന്ദാവനം

1959-ൽ സന്യാസം സ്വീകരിച്ചു. വൃന്ദാവനത്തിലെ രാധാദാമോദര ക്ഷേത്രത്തിൽ താമസിച്ചു ശ്രീമദ് ഭാഗവതം വിവർത്തനം തുടങ്ങി.

# ഭക്തിവേദാന്ത ബുക്ക് ട്രസ്റ്റ് (BBT)




The Bhaktivedanta Book Trust

ജനങ്ങളെ ഭക്തരാക്കുന്നതിൽ ഗ്രന്ഥങ്ങൾക്കുള്ള പങ്ക് തിരിച്ചറിഞ്ഞ് അദ്ദേഹം 1972-ൽ ഭക്തിവേദാന്ത ബുക്ക് ട്രസ്റ്റ് സ്ഥാപിച്ചു. ഇന്ന് ലോകത്തിലെ തന്നെ വൈദിക ഗ്രന്ഥങ്ങളുടെ ഏറ്റവും വലിയ പ്രസാധകരാണ് BBT.



# വിശിഷ്ട ഗ്രന്ഥങ്ങൾ




ഏഴ് വർഷം കൊണ്ട് അദ്ദേഹം രചിച്ചത് അവിശ്വസനീയമായ ഗ്രന്ഥശേഖരമാണ്:

- ശ്രീമദ് ഭാഗവതം: 18,000 ശ്ലോകങ്ങളുടെ വിവർത്തനവും വ്യാഖ്യാനവും (30 വാല്യങ്ങൾ).
- ശ്രീമദ് ഭഗവദ്ഗീത: യഥാരൂപം (As It Is).
- ചൈതന്യചരിതാമൃതം: 17 വാല്യങ്ങൾ.
- മറ്റ് കൃതികൾ: ഭക്തിരസാമൃതസിന്ധു, ഈശോപനിഷത്ത്, ഉപദേശാമൃതം.

# അന്താരാഷ്ട്ര പദ്ധതികൾ

### മായാപൂർ

പശ്ചിമബംഗാളിലെ മായാപൂരിൽ ആത്മീയ നഗരവും വേദാന്ത പഠന കേന്ദ്രവും സ്ഥാപിച്ചു.

### വൃന്ദാവനം

കൃഷ്ണബലരാമ ക്ഷേത്രവും അന്താരാഷ്ട്ര ഗസ്റ്റ് ഹൗസും നിർമ്മിച്ചു.

### ഗുരുകുലം

ഡെള്ളാസിൽ (Dallas) വൈദിക രീതിയിലുള്ള വിദ്യാഭ്യാസത്തിനായി ഗുരുകുലം ആരംഭിച്ചു.


# വൃന്ദാവനം



# മായാപൂർ







# അനശ്വരമായ പൈതൃകം

സ്വന്തം ജീവിതം കൃഷ്ണാവബോധ പ്രചരണത്തിന് വേണ്ടി ഉഴിഞ്ഞുവെച്ച ആ പരമഭാഗവതൻ 1977 നവംബർ 14-ന് ഇഹലീല അവസാനിപ്പിച്ചു.

---

"എന്റെ ഗ്രന്ഥങ്ങളിലൂടെ ഞാൻ എന്നും ജീവിക്കും."